6th January 2016 / Wednesday

73rd day of 90 days

**സങ്കീർത്തനങ്ങൾ** 119:27

'നിന്റെ പ്രമാണങ്ങളുടെ വഴി എന്നെ ഗ്രഹിപ്പിക്കണമെ. എന്നാൽ ഞാൻ നിന്റെ അത്ഭുതങ്ങളെ ധ്യാനിക്കും'

കർത്താവിന്റെ കല്പനകളിലും പ്രമാണങ്ങളിലും മറഞ്ഞിരിക്കുന്ന മർമ്മങ്ങൾ ഉണ്ട്. ആ മർമ്മങ്ങൾ നാം മനസ്സിലാക്കി ധ്യാനിച്ചാൽ അതിലെ അത്ഭുതങ്ങളെ ദർശിച്ച് ധ്യാനിക്കാനും ജീവിതത്തിൽ ആത്മീയസന്തോഷം അനുഭവിക്കാനും കഴിയുന്നു. എന്നാൽ കല്പനകളും പ്രമാണങ്ങളും തന്ന ദൈവത്തിന്റെ കൃപയും കരുണയും ഇല്ലാതെ ഒരിക്കലും ഇവ നമ്മുടെ ജീവിതത്തിൽ നടപ്പാക്കി ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുകയില്ല. കല്പനകൾ അനുസരിക്കാനോ അതിന്റെ വിശദീകരണം മനസ്സിലാക്കി ജീവിക്കാൻ കഴിയണമെങ്കിൽ, അവയുടെ വഴികൾ ദൈവം മനസ്സിലാക്കി തരണം. അതിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കേണം. ഏദനിലെ ദൈവത്തിന്റെ ഏക കല്പന ലംഘിച്ചതിന്റെ കാരണം, അവർക്ക് ആ കല്പനയുടെ വിശദീകരണവും വഴിയും വേണ്ടവിധത്തിൽ മനസ്സിലാകാത്തതുകൊണ്ടാണ്. ഏദൻതോട്ടം 'കാത്തുസൂക്ഷിക്കാൻ' അവരോട് കല്പിച്ചിരുന്നു. കാരണം തോട്ടത്തിൻ പുറത്ത് ശത്രുക്കൾ ഉണ്ട്. അവരിൽ നിന്ന് ആക്രമണവും പരീക്ഷണങ്ങളും ഉണ്ടാകും എന്നതാണ്. എന്നാൽ വിലക്കപ്പെട്ട ഫലം കഴിക്കാൻ ഹവ്വാ കാണിച്ച മോഹം തോട്ടത്തിൻ പുറത്ത് നിന്ന സാത്താൻ മനസ്സിലാക്കി സർപ്പത്തിലൂടെ അവരെ കല്പനലംഘനത്തിനായി പ്രേരിപ്പിച്ചു. ആയതിനാൽ ദൈവത്തിന്റെ കല്പനകളെ കേൾക്കാനും പറയാനും എഴുതാനും പ്രസംഗിക്കാനും വിശദീകരിക്കാനും വളരെ എളുപ്പമാണ്. എന്നാൽ അത് ജീവിതത്തിന്റെ ഭാഗമായി തീർന്ന് നന്മതിന്മകളെ തിരിച്ചറിഞ്ഞ് പ്രവർത്തിച്ച് ദൈവത്തെ പ്രസാദിപ്പിക്കാൻ വളരെ പ്രയാസമാണ്. അതിനായി ആദ്യം ആഗ്രഹങ്ങളെയും മോഹങ്ങളെയും എല്ലാം ദൂരെ എറിയണം. ദൈവം തരുന്നതു മാത്രം മതിയെന്നും ദൈവത്തിന്റെ പദ്ധതിയ്ക്കായി മുടങ്ങി കിടക്കുന്ന കാര്യങ്ങൾ ചെയ്തു തീർക്കാനുള്ള അനുഗ്രഹത്തിനായി നമ്മെതന്നെ ദൈവസന്നിധിയിൽ സമർപ്പിക്കാം. അങ്ങനെ കർത്താവ് നമ്മെ ഉപദേശിച്ച് നടക്കേണ്ടതായ വഴി നമുക്ക് കാണിച്ചു തരുമെന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. ഈ ലോകത്തിലെ ജീവിതം കൊണ്ട് യഥാർത്ഥത്തിൽ എന്താണ് നാം നേടിയെടുക്കുന്നത്? വരും ലോകത്തിൽ, നിത്യരാജ്യത്തിൽ, നിത്യസന്തോഷത്തോടെ, നിത്യസമാധാനത്തോടെ കൂടി ജീവിക്കുന്നതിനുവേണ്ടി, യേശുമണവാളന്റെ കൂടെ മണവാട്ടിയായി ജീവിക്കുന്നതിനുവേണ്ടി, നമ്മുടെ ദേഹിയുടെയും ആത്മാവിന്റെയും അവസ്ഥയെ പരിപൂർണ്ണമായി യേശുവിന്റെ ഉള്ളിൽ എത്തിക്കേണം. കർത്താവിന്റെ കല്പനകളുടെയും പ്രമാണങ്ങളുടെയും അനുസരണയുടെ വഴിയിൽ കൂടി മാത്രമേ കർത്താവിന്റെ അരികിൽ എത്തിച്ചേരാൻ കഴിയൂ. 'യഹോവയിൽ തന്നെ രസിച്ചുകൊൾക' എന്ന സങ്കീർത്തനക്കാരന്റെ മുന്നറിയിപ്പ് കണക്കിലെടുത്ത് രാവും പകലും വചനത്തെ ധ്യാനിച്ച്, ഇഷ്ടപ്പെട്ട്, വഴിയും സത്യവും ജീവനും ആയ യേശുവിനെ അനുഗമിക്കാൻ എളുപ്പമാണ്. നമ്മുടെ വഴികളെ എല്ലാം ദൈവസന്നിധിയിൽ സമർപ്പിച്ച്, കല്പനകളുടെയും പ്രമാണങ്ങളുടെയും അനുസരണയുടെ വഴിയിൽ കൂടി സഞ്ചരിക്കാൻ പാപബോധവും പ്രായശ്ചിത്തവും അനുതാപവും സ്വീകരിച്ച് ദൈവത്തെ സ്തുതിക്കാനും ആരാധിക്കാനും അങ്ങനെ കല്പനകളിലെ ആത്ഭുതങ്ങളെ കാണാൻ അകത്തെ മനുഷ്യന്റെ (Inner man) നയനങ്ങളെ തുറക്കാം.